പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3312 13.03.2017-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. യിൽ പെൻഷനും ശമ്പളവും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പു മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കെ.എസ്.ആർ.ടി.സി. യിൽ എത്ര തവണ യഥാസമയം ശമ്പളം വിതരണം ചെയ്യാൻ കഴിയാതെ വന്നു; എന്താണ് ഈ സ്ഥിതിവിശേഷത്തിന് ഇടയാക്കിയത്; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2016 മെയ്, ആഗസ്റ്റ് മാസങ്ങൾ ഒഴികെയുള്ള മാസങ്ങളിലെ ശമ്പളം യഥാസമയം വിതരണം ചെയ്യുന്നതിന് ചെറിയ കാലതാമസം വന്നിട്ടുണ്ട്. മുൻകാലങ്ങളിൽ എടുത്ത വായ്പകളുടെ തിരിച്ചടവ് ഉൾപ്പെടെയുള്ള ചെലവുകൾ വരുമാനത്തെക്കാൾ അധികരിക്കുന്നതിനാലും പ്രതിദിന ടിക്കറ്റ് വരുമാനത്തിൽ കുറവുണ്ടായി കൊണ്ടിരിക്കുന്നതിനാലുമാണ് ശമ്പളം യഥാസമയം വിതരണം ചെയ്യുവാൻ സാധിക്കാത്തത്. |
| (ബി) | കെ.എസ്.ആർ.ടി.സി. യിൽ പെൻഷനും ശമ്പളവും മുടങ്ങിയതിന്റെ പേരിൽ മുൻകാലങ്ങളിൽ നടന്നിട്ടുള്ള പ്രതിഷേധങ്ങൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | എങ്കിൽ എന്തുകൊണ്ടാണ് ശമ്പള വിതരണം യഥാസമയം നടത്താൻ കഴിയാത്ത സാഹചര്യം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കാത്തത്; | (സി) | കെ.എസ്.ആർ.ടി.സി.യുടെ വരുമാനവും ചെലവും തമ്മിൽ പൊരുത്തപ്പെടാനാവാത്ത തരത്തിലുള്ള അന്തരമുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മിനിമം ചാർജ് ഒരു രൂപ കുറച്ചതും പ്ലസ് ടു വരെയുള്ള വിദ്യാർത്ഥികൾക്ക് സൗജന്യ യാത്ര അനുവദിച്ചതും കെ.എസ്.ആർ.ടി.സിക്ക് വൻ ബാദ്ധ്യതയായി. കെ.എസ്.ആർ.ടി.സി.യുടെ ദൈനംദിന വരുമാനത്തിൽ നിന്ന് വായ്പകൾക്കുള്ള തിരിച്ചടവും ഡീസലിന്റെ ചെലവും മാത്രമേ |

| | | | |
|---|---|---|---|
| | | | നിർവ്വഹിക്കാൻ സാധിക്കുന്നുള്ളൂ. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മിനിമം ചാർജ് ഒരു രൂപ കുറച്ച നടപടി പിൻവലിച്ചെങ്കിലും ചെലവുകൾ വരുമാനത്തെക്കാൾ അധികരിക്കുന്നതിനാലും പ്രതിദിന ടിക്കറ്റ് വരുമാനത്തിൽ കുറവുണ്ടായിക്കൊണ്ടിരിക്കുന്നതിനാലും പുതിയ വായ്പകൾ എടുക്കാതെ ശമ്പളം നൽകാനാവാത്ത സാഹചര്യം നിലവിലുണ്ട്. ടി വായ്പകൾ യഥാസമയം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു പോരുന്നുണ്ട്. |
| (ഡി) | ഈ സ്ഥിതി വിശേഷം ആവർത്തിക്കാതിരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്? | (ഡി) | ഈ സർക്കാർ കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതു സംബന്ധിച്ച് പഠനം നടത്താൻ ഐ.ഐ.എം.-ലെ പ്രൊഫ. സുശീൽ ഖന്നയെ ചുമതലപ്പെടുത്തി. കൂടാതെ, ഈ സർക്കാർ അധികാരമേറ്റ ശേഷം കെ.എസ്.ആർ.ടി.സി.യെ ശാക്തീകരിക്കാനായി പ്രകൃതി സൗഹൃദ വാതകം ഇന്ധനമായി ഉപയോഗിക്കുന്ന 1000 ബസുകൾ അടുത്ത 5 വർഷം കൊണ്ട് നിരത്തിലിറക്കുവാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രകൃതി സൗഹൃദ വാതകം ഇന്ധനമായി ഉപയോഗിക്കുന്ന ബസുകൾ നിരത്തിലിറക്കുന്നതിനുള്ള ആദ്യ ഗഡുവായി 50 കോടി രൂപയാണ് പ്രതീക്ഷിക്കുന്ന ചെലവ്. അഞ്ചു വർഷം കൊണ്ട് ഭൂരിഭാഗം ബസുകളും സി.എൻ.ജി. ഇന്ധനത്തിലേക്ക് മാറ്റുന്നതിന് ലക്ഷ്യമിടുന്നുണ്ട്. ബസ് സ്റ്റാൻഡുകളെ ആധുനികവത്കരിക്കുകയും വരുമാനദായകമാക്കുകയും ചെയ്യുന്നതാണ്. മൈലേജ്, മെയിന്റനൻസ് തുടങ്ങിയ മേഖലകളിൽ ഉത്പാദന ക്ഷമത ഉണ്ടാക്കുന്നതിനും ബ്രേക്ക്ഡൗണുകൾ, അപകടങ്ങൾ കുറയ്ക്കുന്നതിനും സമയബന്ധിത കർമ്മ പരിപാടി തയ്യാറാക്കുന്നതാണ്. ഇന്ധനക്ഷമത |

| | | | |
|---|---|---|---|
| | | | വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അഞ്ചോ അതിലധികമോ കെ.എം.പി.എൽ ലഭിക്കുന്ന ഡ്രൈവർമാർക്ക് 100 രൂപ 01.02.2017 മുതൽ പ്രതിദിന ഇൻസെന്റീവ് നല്കിവരുന്നു. കൂടാതെ ബോധവത്കരണ ക്ലാസുകളും ട്രെയിനിംഗും സംഘടിപ്പിച്ചുവരുന്നു. മെയിന്റനൻസിനായി നിരത്തിൽ നിന്നും ബസുകൾ പകൽ സമയം പിൻവലിക്കുന്നത് മൂലം കോർപ്പറേഷന് നഷ്ടം സംഭവിച്ചു വരുന്നതായി കാണുകയും ഇതിന്റെ അടിസ്ഥാനത്തിൽ എല്ലാതരം റിപ്പയറുകളും, മെയിന്റനൻസുകളും രാത്രികാലങ്ങളിൽ നടത്തി വരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ